# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി8/1868/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/01/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2. അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ), കോഴിക്കോട്
3. കാര്യാലയ പ്രതി

നമ്പർ: കെ.എസ്.എ.കെ.കെ.ഡി. പി8/1868/2021 തീയ്യതി: 07/01/2022

## കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-12-2019 മുതൽ 17-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. എം. വാസുദേവൻ | ജോയിന്റ് ഡയറക്ടർ(ഇൻ ചാർജ്ജ്)) | 18-12-2021 | 28-12-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-12-2021 | 28-12-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.രാജീവൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ഇന്ദുകല.സി.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. എ. സി. സതി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. പി.എം. ഗംഗാധരൻ | സെക്രട്ടറി | 01-04-2019 | 08-05-2019 |
| ശ്രീമതി. സഖി. എം | സെക്രട്ടറി | 09-05-2019 | 03-08-2019 |
| ശ്രീ. മുഹമ്മദ് മുഹസിൻ കെ. പി | സെക്രട്ടറി | 03-08-2019 | 15-09-2019 |
| ശ്രീമതി. സഖി.എം | സെക്രട്ടറി | 16-09-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ. ഷാമിൻ. പി. ആർ | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി)) | 01-04-2019 | 31-03-2020 |
| ശ്രീ. അബ്ദുൾ സലീം. എം | അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 03-08-2019 |
| ശ്രീ. സൂരജ്. പി.ജി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 03-08-2019 | 31-03-2020 |
| ശ്രീ. ഹാൻസൽ. എച്ച് | അസി. എഞ്ചിനീയർ | 01-04-2019 | 10-01-2020 |
| ശ്രീ. സുധീഷ് . ഒ.വി | അസി. എഞ്ചിനീയർ | 10-01-2020 | 22-02-2020 |
| ശ്രീ. മുഹമ്മദ് നിയാസ് | അസി. എഞ്ചിനീയർ | 22-02-2020 | 31-03-2020 |
| ശ്രീമതി. സുനിത ജോസഫ് | അസി. ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2019 | 31-03-2020 |
| ഡോ. സുരേഷ് . ടി. ഓർണാടി | സീനിയർ വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീ. മുഹമ്മദ് നവാസ്. പി | ക്ഷീര വികസന | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ശ്രീ. അനീഷ്. വി. നായർ | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 27-10-2019 |
| ശ്രീമതി. സുഷമ. പി. വി | പട്ടികജാതി വികസന ഓഫീസർ | 28-10-2019 | 31-03-2020 |
| ശ്രീമതി. ദീപ. കെ | സി.ഡി.പി.ഒ | 01-04-2019 | 03-08-2019 |
| ശ്രീമതി. രാധ. കെ | സി.ഡി.പി.ഒ | 04-08-2019 | 31-03-2020 |
| ശ്രീ. സലീഷ്. എസ് | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ഷിബിൻ. കെ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-4 |
| 6 | പദ്ധതി അവലോകനം,<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-5 |
| 7 | ക്യാഷ് പരിശോധന<br>Written By: Vijesh K.K (Auditor, On 30-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-6 |
| 8 | ആഭ്യന്തരനിയന്ത്രണം.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 1-7 |
| 9 | വിവിധ പ്രൊജക്റ്റുകൾ പ്രകാരം കെൽട്രോണിൽ അടവാക്കിയ തുകക്ക് മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 1-8 |
| 10 | വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനായി റെയ്ഡ്കോവിൽ അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 1-9 |
| 11 | നടുപറമ്പിൽ കുടിവെള്ള പദ്ധതി - സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പു വരുത്താതെ പ്രവൃത്തി ആരംഭിച്ചു. പദ്ധതി പാതി വഴിയിൽ<br>Written By: C.V.Indukala (Senior Grade Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-10 |
| 12 | സൂപ്പർ എം.ആർ.എഫ് നിർമ്മാണം- പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു<br>Written By: C.V.Indukala (Senior Grade Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-11 |

| | | |
|---|---|---|
| 13 | കുട്ടിപ്പാട്ട് - മേഖലാ ചുമതലയിൽപ്പെടാത്തതും, ലക്ഷ്യബോധം ഇല്ലാത്തതുമായ പദ്ധതി<br>Written By: C.V.Indukala (Senior Grade Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 1-12 |
| 14 | പി.എം.എ.വൈ.ഭവനനിർമ്മാണം (പൊതുവിഭാഗം)-പ്രൊജക്ട് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം , ചെലവുതുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-13 |
| 15 | പെയിൻ& പാലിയേറ്റീവ് പ്രൊജക്ട് പ്രകാരം പിൻവലിച്ച തുകയുടെ ചെലവുവിവരം ലഭ്യമാക്കിയില്ല.<br>Written By: M.Karunakaran (Audit Officer, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-14 |
| 16 | ചെലവു വിവരങ്ങൾ ഐ.കെ.എം പത്രികയിൽ പ്രതിഫലിച്ചില്ല<br>Written By: C.V.Indukala (Senior Grade Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-15 |
| 17 | നെൽകൃഷി കൂലിച്ചെലവ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: N. Rajeevan (Senior Grade Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 1-16 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Vijesh K.K (Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 03-01-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |

| | | |
|---|---|---|
| | Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: C.V.Indukala (Senior Grade Auditor, On 29-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: C.V.Indukala (Senior Grade Auditor, On 26-12-2021)<br>Last Updated By: Pyarilal.T.C (Joint Director, On 04-01-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 17.2.19- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട 1 തീരുമാനം 98/2018-19 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 23.3.20 ൽ കൂടിയ ഭരണസമിതിയുടെ 109/19-20 തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവുചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾകൊള്ളുന്ന ബജറ്റ് നിരദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. ബ്ലോക്ക് പഞ്ചായത്തിൽ ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ (I.E.O ഒഴികെ) ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ച് വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും ആയതിൽ നോൺ പ്ലാൻ ചെലവുകൾ മാത്രമെ ഉൾപ്പെടുന്നുള്ളു. ഭരണസമിതി അംഗീകരിച്ച നൽകിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും പഞ്ചായത്തിന്റെ യഥാർത്ഥവരവു ചെലവുകളും തമ്മിൽ വൻ അന്തരം കാണുന്നു. 72.19ൽ ഭരണ സമിതി അംഗീകരിച്ച ബജറ്റ് പ്രകാരം, സാമ്പത്തിക വർഷത്തെ വരവ് മുന്നിരിപ്പുൾപ്പെടെ 166309201 രൂപ രേഖപ്പെടുത്തിയപ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ് 70950185 രൂപ മാത്രമാണ്, അതെപോലെതന്നെചെലവ് ബജറ്റ് പ്രകാരം 140753505 രൂപയും യഥാർത്ഥ ചെലവ് 54085795 രൂപയുമാണ്. ബ്ലോക്ക്പഞ്ചായത്തിന്റെ പ്രധാന വരവുകളിൽ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും സ്ഥാപനത്തിന്റെ യഥാർത്ഥ വരവും തമ്മിൽ നല്ല വ്യത്യാസം കാണുന്നു. ആയതിന്റെ ഏതാനും ഉദാഹരണങ്ങൾ താഴെ ക്കൊടുക്കുന്നു

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| വികസന ഫണ്ട് ജനറൽ | 34724000 | 45528000 |

| | | |
|---|---|---|
| വികസന ഫണ്ട് എസ്.സി.പി | 15372000 | 15593000 |
| എം.ജി എൻ .ആർ | 2595000 | 5895000 |

അതേ പോലെതന്നെ ചെലവുകളിൽ ഓപ്പറേഷൻ & മെയിന്റനൻസ് ചെലവ് വിഭാഗത്തിൽ ബജറ്റ് പ്രകാരം 384900 രൂപ വകയിരുത്തിയപ്പോൾ യഥാർത്ഥ ചെലവ് 498035 രൂപയാണ്.

ബജറ്റ് തയ്യാറാക്കുമ്പോൾ ആയത് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാനുള്ള ശ്രമം ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 12.06.2020 |

1-2-1 വാർഷിക കണക്കിലെ അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ 2019-20 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു

1. വാർഷിക കണക്ക് പ്രകാരം വികസന ഫണ്ട് ജനറൽ വരവ് /ചെലവ് 23951555/- രൂപയാണ്. എന്നാൽ എ.സി.ആർ ൽ വരവ് /ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് 31669788/- രൂപയാണ്.

2. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B4 പ്രകാരം സംയുക്ത പ്രോജക്ടുകൾക്ക് ചെലവഴിക്കാനവശേഷിക്കുന്നതായി 10696682/- രൂപയുണ്ട്. എന്നാൽ B17 ഷെഡ്യൂളിലെ സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായി 1871708/- രൂപയാണുള്ളത്.

3. ആസ്തികൾക്ക് ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക് ഷീറ്റ് വെച്ചിട്ടില്ല. കൂടാതെ 2018-19 ൽ ഡിപ്രീസിയേഷൻ നൽകിയ Sewerage & Drainage, Public Lighting എന്നിവയ്ക്ക് 2019-20ൽ ഡിപ്രീസിയേഷൻ നൽകിയിട്ടില്ല.

4. ലോൺ രജിസ്റ്റർ കാലികമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ ബാധ്യതയായ ലോൺ പലിശ (0.75%) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. ശരിയായ വിവരങ്ങൾ രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിൽ തയ്യാറാക്കിയിരിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിൽ പഞ്ചായത്ത് 2018-19 മുതൽ അഡ്വാൻസ് നൽകിയ വിവരങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള ഡെപ്പോസിറ്റ് കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

6. അഡ്വാൻസ് രജിസ്റ്ററിൽ മുഴുവൻ അഡ്വാൻസ് വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് വിവിധ ഏജൻസികൾക്ക് മുൻകൂർ നൽകിയ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇതിനാൽ വാർഷിക കണക്ക് പ്രകാരമുള്ള അഡ്വാൻസ് കൃത്യത പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

7. വിവിധ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല

8. RP 36 ലയബിലിറ്റി ഇൻ റസ്പെക്റ്റ് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ 85600/- രൂപ കാണുന്നു. 2018-19 വർഷം നൽകിയതും സ്റ്റെയിൽ ചെക്കായതുമായ മേൽ തുകയുടെ ചെക്ക് 2019-20ൽ സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിലേക്ക് കൊണ്ടുവന്നെങ്കിലും 2019-20ൽ തന്നെ മേൽ ചെക്കുകൾ ക്യാൻസൽ ചെയ്ത് പുതിയ ചെക്ക് നൽകുകയും ചെക്ക് മാറുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ P36 ലയബിലിറ്റി ഇൻ റസ്പെക്റ്റ് ഓഫ് സ്റ്റെയിൽ ചെക്ക് എന്ന ശീർഷകത്തിൽ നിന്നും ഇത് മാറ്റിയിട്ടില്ല.

9. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല.

10. ഡെ ബുക്കും ക്യാഷ് ബുക്കും ദിവസേന പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

11. 2019-20 സാമ്പത്തിക വർഷം മാർച്ച് 2020 മാസം ബാങ്ക് റീക്കൺസിലിയേഷൻ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

12. ഇ ടെണ്ടർ ഫീ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/19-20 തീ.29-12-21)മറുപടി ലഭ്യമാക്കിയിട്ടില്ല

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26428141 |
| വരവ് | 44522044 |
| ആകെ | 79950185 |

| | |
|---|---|
| ചെലവ് | 54085795 |
| നീക്കിയിരിപ്പ് | 16864390 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 45128000 | 45128000 | 31669788 | 13458212 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 15593000 | 15593000 | 6126321 | 9466679 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 662000 | 662000 | 82977 | 579023 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5895000 | 5895000 | 2166187 | 37288130 |

ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ-

2020-21 സാമ്പത്തിക വർഷത്തിൽ ഐ.കെ.എം തയ്യാറാക്കി നൽകിയ ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ വികസനഫണ്ട് ജനറൽ, വാർഷിക കണക്ക്, ചെലവ് പത്രിക എന്നിവ പ്രകാരം 23951555/- രൂപ ചെലവ് രേഖപ്പെടുത്തിയപ്പോൾ എ.സി.ആർ പ്രകാരം ചെലവ് 31669788/- രൂപയാണ് ഉള്ളത്.
2. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരമുള്ള വിവിധ ഫണ്ടുകളുടെ അലോക്കേഷനും സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള അലോക്കേഷനും തമ്മിൽ വ്യത്യാസം നിലനിൽക്കുന്നു.

| ഫണ്ടിനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം അലോക്കേഷൻ |
|---|---|---|
| വികസനഫണ്ട്-ജനറൽ ഉത്പാദനം | 83306224 | 11506224 |

| | | |
|---|---|---|
| സേവനം | 170909499 | 30898789 |
| വികസനഫണ്ട്-എസ്.സി.പി. സേവനം | 42751498 | 13411498 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-സേവനം | 8801189 | 4377189 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്-(ഉത്പാദനം) | 1000000 | 650000 |

1-5 പദ്ധതി അവലോകനം,

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രോജക്ടുകൾ |
|---|---|---|---|
| 122 | 59 | 4 | 59 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ122 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ 63 പ്രൊജക്ടുകൾക്ക് മാത്രമാണ് സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞത്. സാമ്പത്തിക വർഷം വിവിധ പ്രൊജക്ടുകൾക്കായി 95875383 രൂപ വകയിരുത്തിയതിൽ 33267178 രൂപ മാത്രമേ പ്രോജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രോജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്നകാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റെനന്സ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക വിനിയോഗിക്കാൻ കഴിയാതെ ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട് മെന്റ് | ചെലവുവന്ന | ലാപ്സായ |
|---|---|---|---|

| | പ്രകാരം ലഭ്യമായ തുക | തുക | തുക |
|---|---|---|---|
| മെയിന്റെനന്സ് ഗ്രാന്റ് നോൺ റോഡ് | 5895000 | 2166187 | 3728813 |
| വികസന ഫണ്ട് ജനറൽ | 45128000 | 31669788 | 13458212 |
| വികസന ഫണ്ട് – SCP | 15593000 | 6126321 | 9466679 |
| വികസന ഫണ്ട് – T.SP | 662000 | 82977 | 579023 |
| ആകെ | 67278000 | 40045273 | 27232727 |

ഇതിൽ സാമ്പത്തിക വർഷം തന്നെ ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് പണമായി മാറ്റാൻ കഴിയാത്ത ക്യൂബിൽ തുക എത്രയാണെന്ന കൃത്യമായകണക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. അസി.എഞ്ചിനീയർ, അസി.എക്സിഎഞ്ചിനീയർ എന്നിവരുടേത് മാത്രം ക്യൂബിൽ ആയതുക 9029252 രൂപയാണ്. സാമ്പത്തിക വർഷത്തിൽ ലാപ്സായ 27232727രൂപയിൽ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി.ഞ്ചിനീയർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായി നടപ്പിലാക്കിയ പ്രോജക്ടുകൾ നടപ്പിലാക്കാത്തത് മൂലമുള്ള ഫണ്ട് നഷ്ടമാണ് പ്രധാനം. ഇവർക്ക് ആകെ 61 പ്രോജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 21 പ്രോജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ തുക ചെലവഴിക്കാൻ കഴിഞ്ഞത്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ മെഡിക്കൽ ഓഫീസർ , I.E.O, D.E.O, AD.A.എന്നിവർ മാത്രമാണ് വകയിരുത്തിയ എല്ലാ പ്രൊജക്ടുകൾക്കും തുക ചെലവഴിച്ചിരിക്കുന്നത്. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവഹണോദ്യോഗസ്ഥർ ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള കർത്തവ്യങ്ങൾ വിസ്മരിച്ചുകൊണ്ടാണ് ഭൂരിഭാഗം പ്രോജക്ടുകളും ഏറ്റെടുത്തിരിക്കുന്നത്. സർക്കാറിന്റെ പ്രത്യേകാനുമതിയോടെ അംഗീകാരം ലഭിച്ച കാഫ് പ്രൊഡക്ഷൻ ഇൻസന്റീവ് എന്ന പ്രോജക്ട് പാതിവഴിയിൽ ഉപേക്ഷിച്ചതായും കാണുന്നുണ്ട്

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉൾപ്പെടെയുള്ള വിവിധ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ രൂപീകരണം, നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ട്. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകളിൽ ഭൂരിഭാഗവും യോഗമിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. ചിലവർക്കിഗ് ഗ്രൂപ്പ് യോഗങ്ങളിൽ കൺവീനർമാരുടെ പങ്കാളിത്തം വളരെ കുറവാണ്. ഉദ- സാമൂഹ്യക്ഷേമം, ആവശ്യമായ കോറം തികയാതെയും വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്ന് തീരുമാനം കൈകൊണ്ടതായി കാണുന്നു, ഉദാ:- 9.10.18ലെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്. വർക്കിംഗ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് യോഗമിനുട്സുകൾ യഥാവിധി എഴുതി സൂക്ഷിക്കേണ്ടതും പ്രോജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തിവരുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-12-2021, 3 PMന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് ഇല്ലാത്തത് ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക്പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന്റെ അഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. പഞ്ചായത്തിൽ കൃത്യമായ ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്തങ്ങൾ 26.10.19ലെ 9/19 നമ്പർപ്രകാരം വിഭജിച്ച നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ ഓഡിറ്റ്

വർഷത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. കാഷ്ബുക്ക് ഡേബുക്ക് എല്ലാദിവസവും സെക്രട്ടറി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ബാങ്ക്, ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്. മറ്റ് രജിസ്റ്ററുകളിൽ ഡപോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ കുറ്റമറ്റമറ്റ രീതിയിൽ സൂക്ഷിക്കുന്നില്ല. സ്യൂട്ട് രജിസ്റ്റർ ബ്ലോക്ക് പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ മുഴുവൻ വൗച്ചറുകളും പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടുണ്ട്. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്നകാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല. 1999-2000 മുതൽ 2018-19 വരെ നിലവിൽ 14 വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ഇപ്പോഴും നടപടികൾ കൈകൊള്ളാനുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമ പ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങവും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-8 വിവിധ പ്രൊജക്ടുകൾ പ്രകാരം കെൽട്രോണിൽ അടവാക്കിയ തുകക്ക് മുഴുവൻ ഉപകരണങ്ങളും ലഭ്യമായില്ല.

2019-20 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവണ ഉദ്യോഗസ്ഥനായി കമ്പ്യൂട്ടറുകൾ, സ്കാനർ, പ്രിന്ററുകൾ എന്നിവ ലഭ്യമാക്കാൻ രണ്ട് പ്രോജക്ടുകൾ പ്രകാരം കെൽട്രോണിൽ തുക അടവാക്കിയിട്ടുണ്ട്. എന്നാൽ അടവാക്കിയ തുകക്ക് മുഴുവൻ ഉപകരണങ്ങളും നാളിതുവരെ ലഭ്യമായിട്ടില്ല. പ്രോജക്ടുകൾ പ്രകാരം തുക അടവാക്കിയതിന്റെയും ഉപകരണങ്ങൾ ലഭ്യമായതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ട നമ്പർ/ പേര് | വകയിരുത്തിയ തുക | ചെലവുതുക | റിമാർക്ക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| 132/20 ജനസൗഹൃദ ബ്ലോക്ക് പഞ്ചായത്ത് | 123396 | 165516 (ബിൽ നമ്പർ31/19-20 തി 24.1.20) | ബ്ലോക്ക് പഞ്ചായത്തിൽ I.S.O. സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്ന തിനായി സ്കാനർ പ്രിന്റർ, ഡസ്ക് ടോപ്പുകൾ എന്നിവക്ക് തുക അടവാക്കി. ആയതിൽ 14851 രൂപയുടെ പ്രിന്റർ നാളിതുവരെ ലഭ്യമായില്ല. |
| 55/19-20 വികസന വിദ്യാ കേന്ദ്രങ്ങളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | 100000 | 96010 (ബിൽ നമ്പർ32/19-20 തി 24.1.20) | ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള എരവട്ടൂർ, ചങ്ങരോത്ത് എന്നീ വികസന വിദ്യാകേന്ദ്രങ്ങളിൽ പ്രിന്ററുകൾ, ഡസ്ക് ടോപ്പുകൾ എന്നിവക്ക് തുക അടവാക്കി. ആയതിൽ 14851 രൂപവീതം |

| | | | |
|---|---|---|---|
| | | | അടവാക്കിയ 2 പ്രിന്ററുകൾ നാളിതുവരെ ലഭ്യമായില്ല. |

ബ്ലോക്ക് പഞ്ചായത്ത് മുഖേന കെൽട്രോണിൽ അടവാക്കിയ തുകക്ക് പ്രിന്ററുകൾ ലഭ്യമാക്കാൻ നിലവിൽ കൈകൊണ്ട നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുക അടവാക്കി ഏകദേശം രണ്ട് വർഷത്തോളമായിട്ടും അടവാക്കിയ തുകക്ക് പ്രിന്ററുകൾ ലഭ്യമാവാതിരുന്നിട്ടും ആയത് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളുന്നതിൽ അലംഭാവം കാണിച്ച ബന്ധപ്പെട്ട സെക്ഷന്റെയും മേൽനോട്ട ചുമതലയുള്ള നിർവഹണ ഉദ്യോഗസ്ഥന്റെയും ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ് അപാകതക്ക് കാരണമായത്. അടവാക്കിയ തുകക്ക് ഉപകരണങ്ങളെല്ലാം ലഭ്യമായോ എന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും പരിശോധനക്ക് വിധേയമാക്കിയില്ല. ലഭ്യമാവാനവശേഷിക്കുന്ന 3 പ്രിന്ററുകൾ കെൽട്രോണിൽ നിന്നും ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്.

## 1-9 വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിനായി റെയ്ഡ്കോവിൽ അടവാക്കിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതും മറ്റ് അപാകതകളും

ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്നതിന് താഴെപ്പറയും പ്രകാരം റെയ്ഡ്കോവിൽ തുക അടവാക്കിയിട്ടുണ്ട്. എന്നാൽ തുക വിനിയോഗിച്ച് മോട്ടോറുകൾ സ്ഥാപിച്ച് തുകയുടെ വിനിയോഗ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ / പേര് | ചെലവു തുക | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 143/20 ഈന്തിലോട്ട് മുള്ളൻകുന്ന് കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | 182236 (ബിൽ നമ്പർ 45/19-20 തി 25.3.20) | റെയിഡ്കോ നൽകിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കി. റെയ്ഡ്കോവിൽ അടവാക്കിയ തുകയിൽ 38765 രൂപ മോട്ടോർ ഇൻസ്റ്റലേഷൻ ചാർജിനത്തിലാണ് ഈടാക്കിയിരിക്കുന്നത് |
| 153/20 കുറ്റിവയൽ കുടിവെള്ള പദ്ധതിക്ക് മോട്ടോർ സ്ഥാപിക്കൽ | 186738 (ബിൽ നമ്പർ 46/19-20 തി 25.3.20) | റെയിഡ്കോ നൽകിയ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ തുക അടവാക്കി. റെയ്ഡ്കോവിൽ അടവാക്കിയ തുകയിൽ 37485 രൂപ മോട്ടോർ ഇൻസ്റ്റലേഷൻ ചാർജിനത്തിലാണ് ഈടാക്കിയിരിക്കുന്നത് |

മേൽ തുകകൾ വിനിയോഗിച്ച് മോട്ടോറുകൾ വാങ്ങി കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും കുടിവെള്ള പദ്ധതികൾ ബന്ധപ്പെട്ട പഞ്ചായത്തുകൾ മുഖേന ഗുണഭോക്തൃ സമിതികൾക്ക് കൈമാറിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ടും മോട്ടോറുകൾ സ്ഥാപിക്കാൻ ഭീമമായ തുക ഇൻസ്റ്റലേഷൻ ചാർജിനത്തിൽ ഈടാക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഏതെല്ലാം ഇനങ്ങളിലാണ് ഇൻസ്റ്റലേഷൻ ചാർജിനത്തിൽ തുക ഈടാക്കിയത് എന്ന് വ്യക്തമാക്കിയും, പദ്ധതി പ്രവർത്തനക്ഷമമായിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് മുഖേന ഗുണഭോക്തൃ കമ്മറ്റിക്ക് കൈമാറിയതിന്റെ രേഖകൾ ലഭ്യമാക്കിയും, പ്രവർത്തനക്ഷമമാകാത്തപക്ഷം ആയത് പ്രവർത്തനക്ഷമമാക്കിയും അപാകത പരിഹരിക്കാവുന്നതാണ്.

1-10 നടുപറമ്പിൽ കുടിവെള്ള പദ്ധതി - സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പ് വരുത്താതെ പ്രവൃത്തി ആരംഭിച്ചു. പദ്ധതി പാതി വഴിയിൽ

പ്രോജക്റ്റ് നം. : 91/20

വകയിരുത്തിയ തുക : 14,00,000(വികസന ഫണ്ട് - എസ്. സി. പി)

ചെലവഴിച്ച തുക : 2,42,661/-(ബിൽ നം. 11/2019-20 തീ. 24.06.2019)

നിർവ്വഹണം : അസി. എഞ്ചിനീയർ

കുടിവെള്ള ലഭ്യത ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെ ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ 8ാം വാർഡിൽപ്പെട്ട നടുപ്പറമ്പ് കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിനാണ് പ്രൊജക്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധതിയാണിത്(നം. 17/19). 5 M വ്യാസവും 4m താഴ്ചയുമുള്ള കിണർ നിർമ്മിക്കുന്നതിനും, ചെങ്കല്ലും കോൺക്രീറ്റും ഉപയോഗിച്ച് വശങ്ങൾ കെട്ടി ബലപ്പെടുത്തി പി.വി. സി വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനും, പമ്പിംഗ് മെയിൻ, ഡിസ്ട്രിബ്യൂഷൻ എന്നിവയ്ക്ക് വേണ്ടിയുള്ള ഇനങ്ങൾ ഉൾപ്പെടുത്തിയുമാണ് പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത്. പ്രവൃത്തി നടത്തുന്നതിന് ആവശ്യമായ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയുടെ 06.02.2018 ലെ 1/52(4) തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് വിട്ടു നൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതേ സ്ഥലത്ത് ഭൂജല വകുപ്പ് ജില്ലാ ഓഫീസറിൽ നിന്നും ഫീസിബിലിറ്റി ആരായുകയും ആയതിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് 18.05.2018 ന് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

ടെണ്ടർ രജിസ്റ്റർ പ്രകാരം ഈ പ്രവൃത്തിയ്ക്കായി 17.07.2018, 13.08.2018 തീയതികളിൽ നടത്തിയ ഇ-ടെണ്ടർ, റീ-ഇ-ടെണ്ടറുകളിൽ ആരും പങ്കെടുത്തതായി കാണുന്നില്ല. എന്നാൽ 23.10.2018 ൽ ശ്രീ. അഷ്റഫ് . കെ. കെ എന്ന കരാറുകാരനുമായി പ്രവൃത്തി നടത്തിപ്പിനായുള്ള കരാറിൽ ഏർപ്പെട്ടതായും, 26.10.2018 ൽ പ്രവൃത്തിയ്ക്കായി സ്ഥലം കൈമാറിയതായും കാണുന്നു. (AE/PB/27/18-19 തീ. 23.10.2018). ടെണ്ടറിലും റീടെണ്ടറിലും ആരും പങ്കെടുക്കാത്ത ഈ പ്രവൃത്തി നടത്താൻ ശ്രീ. അഷ്റഫിനെ തെരഞ്ഞെടുത്തത് എങ്ങിനെ എന്നതിൽ വ്യക്തതയില്ല.

സ്ഥലത്ത് പ്രവൃത്തി ആരംഭിച്ച് കഴിഞ്ഞപ്പോൾ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ഉന്നയിച്ചും, തങ്ങളുടെ സ്ഥലത്ത് അനധികൃതമായി നിർമ്മാണ പ്രവൃത്തി നടത്തുന്നതായും കാണിച്ച് ശ്രീമതി. ഓമന അമ്മ, കിഴക്കേക്കര പരാതി നൽകിയതിനെ തുടർന്ന് പ്രവൃത്തിയുടെ നിർവ്വഹണം നിർത്തിവച്ചതായി ഫയൽ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞു. പ്രവൃത്തി താൽക്കാലികമായി നിർത്തിവെക്കുന്നതുവരെ ചെയ്ത പ്രവൃത്തികൾക്ക് പാർട്ട് ബിൽ ആയി 2,42,661/- രൂപ ശ്രീ. അഷ്റഫിന് നൽകുകയുണ്ടായി. ചങ്ങരോത്ത്

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം സി.പി 8/194 നം. കെട്ടിടം ചങ്ങരോത്ത് കൃഷി ഓഫീസറുടെ ഉടമസ്ഥതയിലാണ് എന്ന് സെക്രട്ടറി വിവരാവകാശത്തിന് മറുപടി നൽകിയതായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിൽ കാണുന്നു. ഈ വിഷയം ഇപ്പോൾ കോടതിയുടെ പരിഗണനയിൽ ആയതിനാൽ പ്രവൃത്തി താൽക്കാലികമായി നിർത്തിവച്ചിരിക്കയാണ്.

പ്രവൃത്തിയുടെ നിലവിലെ അവസ്ഥ, പ്രവൃത്തിയ്ക്കായി നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം എന്നിവ അറിയിക്കേണ്ടതും, സ്ഥലത്തിന്റെ ഉടമസ്ഥാവകാശം കൃത്യമായി ഉറപ്പു വരുത്താതെ പദ്ധതി ആവിഷ്കരിച്ച് പ്രവൃത്തി ആരംഭിച്ച് തുക കൈമാറിയതിന് വിശദീകരണം നൽകുന്നതിനുമായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(1/2019-20 തീ. 22.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-11 സൂപ്പർ എം.ആർ.എഫ് നിർമ്മാണം- പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചു

പ്രോജക്ട് നം. : 86/20

വകയിരുത്തിയ തുക : 2679579

നിർവ്വഹണം : അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ

മാലിന്യം സംസ്കരിച്ച് പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കൽ എന്ന ലക്ഷ്യത്തോടെ 2017 – 18 വർഷത്തിൽ ആവിഷ്കരിച്ചതാണ് ഈ പദ്ധതി. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലാണ് പദ്ധതി നടപ്പാക്കുന്നതിനായി പ്രവൃത്തി ആരംഭിച്ചത്. 2019-20 വർഷത്തിലും പദ്ധതിയ്ക്കായി 2679579/- രൂപ വകയിരുത്തിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും 979579/-രൂപയും, ജില്ലാ പഞ്ചായത്ത് വിഹിതമായി 8,00,000/- രൂപയും, ഗ്രാമപഞ്ചായത്തുകളിൽ നിന്നും 9,00,000/- രൂപയും ചേർത്താണ് തുക വകയിരുത്തിയിരിക്കുന്നത്. എന്നാൽ 2018-19 വർഷത്തിൽ തന്നെ പദ്ധതി പാതി വഴിയിൽ ഉപേക്ഷിക്കുകയാണുണ്ടായത്.

ഈ പദ്ധതിയ്ക്കായി 2017-18, 2018-19 വർഷങ്ങളിൽ തുക വകയിരുത്തിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ട് നം. | വകയിരുത്തിയ തുക | | ഫണ്ടിനം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 2017-18 | 100/18 | 27,00,000 | 10,00,000 | വികസന ഫണ്ട് (ജനറൽ) | - |

| | | | | | |
|---|---|---|---|---|---|
| | | | 9,00,000 | ഗ്രാ. പ വിഹിതം | - |
| | | | 8,00,000 | ജി. പ വിഹിതം | - |
| 2018-19 | 87/19 | 27,00,000 | 10,00,000 | വികസന ഫണ്ട്(ജനറൽ) | 20,421 |
| | | | 9,00,000 | ഗ്രാ. പ വിഹിതം | |
| | | | 8,00,000 | ജി. പ വിഹിതം | |

പദ്ധതി നടത്തിപ്പിനായി കരാർ വച്ച് പ്രവൃത്തി ആരംഭിച്ചത് ശ്രീ.സന്തോഷ്.എം.പി എന്നവരാണ് (AE/PB/12/17-18 തീ. 25.11.2017). 25.11.2017 ൽ പ്രവൃത്തിയ്ക്കായി സൈറ്റ് കൈമാറിയിട്ടുമുണ്ട്. നിലമൊരുക്കൽ, കോളം സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള കുഴിയെടുക്കൽ പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. തുടർന്ന് പ്രദേശവാസികളുടെ എതിർപ്പ് കാരണം കരാറുകാരൻ പ്രവൃത്തി നിർത്തിവെച്ചു. ഈ പ്രവൃത്തി ക്ലോഷർ എഗ്രിമെന്റ് വച്ച് അവസാനിപ്പിക്കുകയാണെന്നും കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ ബിൽ തുക അനുവദിക്കുന്നതിനായി അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിക്കൊണ്ട് 04.02.2019 ലെ 91(9)/18-19 പ്രകാരം തീരുമാനമെടുത്തു. ഇത് പ്രകാരം കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ തുക 20,421/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.

പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിൽ ജന പങ്കാളിത്തം ഉറപ്പുവരുത്തുക എന്നത് വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രധാന ചുമതലകളിലൊന്നാണ്. (പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖ. 3.1.2(ബി)(1)). പദ്ധതി ആസൂത്രണം ചെയ്യുന്നതിനും മുമ്പായി ആസൂത്രണ മാർഗ്ഗരേഖയിൽ പരാമർശിച്ചത് പ്രകാരമുള്ള നിബന്ധനകൾ പാലിച്ചിരുന്നെങ്കിൽ എം.ആർ.എഫ് സെന്റർ നിർമ്മാണം പ്രവൃത്തി നടപ്പാക്കുന്നതിലെ പ്രദേശവാസികളുടെ എതിർപ്പ് എന്ന വിഷയത്തെ ഒരു പരിധിവരെ ഇല്ലാതാക്കാമായിരുന്നു. പദ്ധതിയുടെ ആരംഭത്തിൽ തന്നെ ചർച്ചകളിലൂടെ വിഷയം പരിഹരിക്കുകയോ, ഇതിനായി മറ്റൊരു സ്ഥലം കണ്ടെത്തുകയോ ചെയ്ത് പദ്ധതി ലക്ഷ്യത്തിൽ എത്തിക്കാമായിരുന്നു. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 219 (എ)മുതൽ219 (യു) വരെ നിയമങ്ങൾ ഖരമാലിന്യമുൾപ്പടെയുള്ള മാലിന്യങ്ങളുടെ നിർമ്മാർജ്ജനം പ്രാദേശിക സർക്കാരുകളുടെ ചുമതലയാണെന്ന് വ്യക്തമാക്കുന്നു.

പദ്ധതി നടത്തിപ്പിനായി മറ്റൊരു സാധ്യത ആരായുക പോലും ചെയ്യാതെ പദ്ധതി പാതി വഴിയിൽ ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/2019-20

തീ. 24.12.2020) മറുപടി നൽകിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി ആസൂത്രണം ചെയ്ത് തുക വകയിരുത്തി പ്രവൃത്തി തുടങ്ങിയതിനുശേഷം പദ്ധതി പാതി വഴിയിൽ ഉപേക്ഷിച്ചതിനും, പദ്ധതി നടത്തിപ്പിനായി മറ്റൊരു സാധ്യത ആരായാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1-12 കുട്ടിപ്പാട്ട് - മേഖലാ ചുമതലയിൽപ്പെടാത്തതും, ലക്ഷ്യബോധം ഇല്ലാത്തതുമായ പദ്ധതി

| | | |
|---|---|---|
| പ്രോജക്ട് നം. | 4/20 | |
| വകയിരുത്തിയ തുക | 2,50,000/- | വികസനഫണ്ട് (പൊതുവിഭാഗം) |
| ചെലവഴിച്ച തുക | 2,38,500/- | ബിൽ നം. 5/19-20 തീ. 12.11.2019) |
| നിർവ്വഹണം | ചൈൽഡ് ഡവലപ്മെന്റ് ഓഫീസർ | |

അങ്കണവാടികളിലെ കുട്ടികൾക്ക് പഠനം രസകരമാക്കാൻ പാട്ടുകൾ, കഥകൾ, കളി, മറ്റ് പഠന സങ്കേതങ്ങൾ എന്നിവ റെക്കോർഡ് ചെയ്ത് പെൻഡ്രൈവിലാക്കി അങ്കണവാഡികൾക്ക് നൽകുകയും അതുവഴി പഠനസാഹചര്യം മെച്ചപ്പെടുത്തുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ ഗ്രാമപഞ്ചായത്തുകളിലായി ആകെയുള്ള 171 അങ്കണവാടികളിലേക്കായി അങ്കണവാടി തീം അനുസരിച്ചുള്ള പാട്ടുകളും കഥകളും ലഘുപ്രഭാഷണങ്ങളും സ്റ്റുഡിയോ അന്തരീക്ഷത്തിൽ റെക്കോർഡ് ചെയ്ത പെൻഡ്രൈവ് /മെമ്മറി കാർഡ് വിതരണം ചെയ്യുന്നതിനാണ് പ്രോജക്ടിൽ തുക വകയിരുത്തിയിരിക്കുന്നത്. വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 2,50,000/- രൂപ വകയിരുത്തി, 2,38,500/- രൂപ ഇതിനായി ചെലവഴിച്ചു.

ടെണ്ടർ നടപടിക്രമങ്ങളിലൂടെ ശ്രീ.അനീഷ്.എം.സി എന്നവരെ പ്രവൃത്തി ഏൽപ്പിച്ചു. ടെണ്ടർ നടപടിക്രമങ്ങളിൽ മൂന്നിലധികം വിതരണക്കാരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം എന്ന നിബന്ധന പാലിക്കാതെ രണ്ടുപേർ മാത്രം പങ്കെടുത്തിട്ടുള്ള ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. അനീഷ്. എം.സി- യെ പ്രവൃത്തി ഏൽപ്പിക്കുകയായിരുന്നു. ടിയാളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.

കരാർ ഏറ്റെടുത്ത ശ്രീ.അനീഷ്.എം.സി എന്നവർ സമർപ്പിച്ച ഏബ്ൾ അസ്സോസിയേറ്റ്സ്, തിരുവങ്ങായൂർ- ന്റെ ബിൽ (201/15.11.2019) പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരമാണ് തുക ചെലവഴിച്ചതെന്ന് കാണുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | Music Direction | 60,000 |
| 2 | Announcer(Male) | 15,000 |
| 3 | Singer | 20,000 |
| 4 | Announcer(Female) | 15,000 |
| 5 | CD Writing | 5,000 |

| | | |
|---|---|---|
| 6 | Studio | 30,000 |
| 7 | Pen Drive, Memory Card | 93,500 |
| | | 2,38,500 |

എത്ര പെൻഡ്രൈവുകളാണ് റെക്കോർഡിംഗിനായി ഉപയോഗിച്ച് അങ്കണവാടികൾക്കായി ലഭ്യമാക്കിയത് എന്നോ പെൻഡ്രൈവുകൾ സ്റ്റോക്കിലെടുത്ത് എത്ര/ഏതൊക്കെ അങ്കണവാടികൾക്ക് വിതരണം ചെയ്തു എന്നിവ സംബന്ധിച്ച രേഖകൾ ഫയലിൽ ലഭ്യമല്ല. എത്ര ജി.ബി-യുടെ പെൻഡ്രൈവുകളാണ് റെക്കാർഡിംഗിനായി ഉപയോഗിച്ചതെന്നും വ്യക്തമല്ല. മേൽപട്ടികയിൽ ക്രമനം. (7) പ്രകാരം 93,500/- രൂപ പെൻഡ്രൈവ്/മെമ്മറികാർഡിനായി ചെലവഴിച്ചതായി കാണാം.

ഓഡിറ്റിന്റെ ഭാഗമായി 27.12.2021 ന് നടത്തിയ സ്ഥലപരിശോധനയിൽ പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ എരവട്ടൂർ കണ്ണോത്ത് കുന്ന് അങ്കണവാടിയിൽ (സെന്റർ നം. 165) ലഭിച്ച പെൻഡ്രൈവ് നാളിതുവരെയായും ഉപയോഗിച്ചിട്ടില്ല. ആയത് പ്രവർത്തനക്ഷമമമാണോ എന്ന് പരിശോധിക്കാനോ, പ്ലേ ചെയ്യാനോ ആവശ്യമായ സംവിധാനങ്ങൾ സ്ഥാപനത്തിൽ നിലവിലില്ല. പെൻഡ്രൈവ് സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടുമില്ല. കൂടാതെ, കൂത്താളി ഗ്രാമപഞ്ചായത്തിലെ കൂത്താളിതെരു അങ്കണവാടിയിൽ ഇത്തരത്തിലൊരു പെൻഡ്രൈവ് ലഭിച്ചതായി സ്ഥാപനത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1) ഉപവകുപ്പ് 3ാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ അങ്കണവാടികളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. പഞ്ചായത്ത് രാജ് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക പ്രകാരം സാമൂഹ്യക്ഷേമ മേഖലയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതല ഐ.സി.ഡി.എസ് -കൾ നടത്തുക എന്നതാണ് സ.ഉ.(എം.എസ്) 11/18/ത.സ്വ.ഭ.വ തീയതി 29.1.18 ഖണ്ഡിക 7(8) പ്രകാരവും ഇത്തരത്തിൽ അങ്കണവാടികളിലെ പഠനസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതികൾ ബ്ലോക്ക് പഞ്ചായത്തുകൾ നടപ്പിലാക്കാൻ നിഷ്കർഷിക്കുന്നില്ല.

കൂടാതെ, വളരെ ആകർഷകവും ജനപ്രിയവുമായ നഴ്സറി റൈമുകളും കഥകളും അടങ്ങിയ സി.ഡി, പെൻഡ്രൈവ് എന്നിവ വിപണിയിൽ സുലഭമാണ് എന്നിരിക്കെ, 1,45,000/- രൂപ പാട്ടുകൾ, സംഗീത സംവിധാനം, സ്റ്റുഡിയോ എന്നിവയ്ക്കായി ചെലവഴിക്കാൻ തീരുമാനിച്ചതിന്റെ കാരണവും വ്യക്തമല്ല. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെയോ, മറ്റ് ഡിജിറ്റൽ സംവിധാനങ്ങൾ മുഖേനയോ

ഇത്തരം സംവിധാനങ്ങൾ സ്ഥാപനങ്ങളിൽ ഒരുക്കാമെന്നിരിക്കേ, 2,38,500/- രൂപ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പദ്ധതിയ്ക്കായി ചെലവഴിച്ചത് അംഗീകരിക്കാവുന്നതല്ല.

പഞ്ചായത്ത് രാജ് ആക്ട് മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ, പദ്ധതി മാർഗനിർദ്ദേശങ്ങൾ എന്നിവയിൽ ഉൾപ്പെടാത്ത പ്രോജക്ട് ഏറ്റെടുത്തു നടപ്പിലാക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/2019-20 തീ. 27.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട മേഖലകളിൽ പ്രോജക്ടുകൾ ആവിഷ്കരിക്കാതെ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി നടപ്പാക്കാൻ ശ്രമിക്കുന്നത് ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒഴിഞ്ഞ് മാറൽ ആണ്. ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്ന പദ്ധതികൾ ഏറ്റെടുക്കുന്നതിന് പദ്ധതി രൂപീകരണ വേളയിൽ ശ്രദ്ധിക്കേണ്ടതാണ്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും പെൻഡ്രൈവ് വാങ്ങിയതിന്റെ ഇൻവോയ്സ്, അവ വിതരണം ചെയ്ത വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക തടസ്സത്തിൽ വെക്കുന്നു.

1-13 പി.എം.എ.വൈ.ഭവനനിർമ്മാണം (പൊതുവിഭാഗം)-പ്രൊജക്ട് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം , ചെലവുതുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കിയില്ല

പ്രൊജക്ട് നമ്പർ : 45/20

വകയിരുത്തിയ തുക : 9150000

ചെലവുതുക : 9145544

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള 7 ഗ്രാമപഞ്ചായത്തുകളിലെ ലൈഫ് പി.എം.എ.വൈ ഗുണഭോക്താക്കൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകുന്ന മേൽ പ്രോജക്ട് പ്രകാരം സാമ്പത്തിക വർഷം വികസന ഫണ്ടിൽ നിന്നും മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ആയതിൽ ബിൽ നമ്പർ 22/19-20 തി 14.10.19 പ്രകാരം 5000000 രൂപ പിൻവലിച്ച് വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ ക്കൊടുക്കുന്നു.

| വിഹിതം കൈപറ്റിയ | കൈപറ്റിയ തുക |
|---|---|

| ഗ്രാമപഞ്ചായത്തുകൾ | |
|---|---|
| ചക്കിട്ടപാറ | 12,00,000 |
| പേരാമ്പ്ര | 8,00,000 |
| കായണ്ണ | 7,00,000 |
| കൂത്താളി | 4,00,000 |
| ചങ്ങരോത്ത് | 10,00,000 |
| നൊച്ചാട് | 5,50,000 |
| ചെറുവണ്ണൂർ | 3,50,000 |
| ആകെ | 50,00,000 |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാവാത്തതിന് പുറമെ വിവിധ റിക്വസിഷൻ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി താഴെപ്പറയും പ്രകാരമുള്ള തുകകൾ വിതരണം ചെയ്തിന്റെ വിശദ വിവരവും പരിശോധക്ക് ലഭ്യമായിട്ടില്ല.

| റിക്വസിഷൻ നമ്പർ സാംഖ്യ വെബ് പ്രകാരം | തുക | പഞ്ചായത്ത് |
|---|---|---|
| 9063 | 5,00,000 | ചങ്ങരോത്ത് |
| 9065 | 5,00,000 | ചങ്ങരോത്ത് |
| 9027 | 10,74,800 | ചെറുവണ്ണൂർ |
| 9044 | 4,60,000 | കായണ്ണ |
| 9011 | 3,86,744 | ചെറുവണ്ണൂർ |
| 9034 | 3,80,000 | പേരാമ്പ്ര |
| ആകെ | 33,01,544 | |

മേൽ തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കാനാവഷ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവഴിക്കപ്പെടുന്ന തുക യഥാർത്ഥ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കി എന്ന് ഉറപ്പുവരുത്താൻ തുകയുടെ വിനിയോഗവിവരം ആവശ്യമാണ്. ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും ആയത് ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്.

1-14 പെയിൻ& പാലിയേറ്റീവ് പ്രൊജക്ട് പ്രകാരം പിൻവലിച്ച തുകയുടെ ചെലവുവിവരം ലഭ്യമാക്കിയില്ല.

പ്രൊജക്ട് നമ്പർ - 40/19-20

വകയിരുത്തിയ തുക - 425000

ചെലവുതുക - 424998

പെയിൻ & പാലിയേറ്റീവ് പ്രോജക്ട് പ്രകാരം സാമ്പത്തിക വർഷത്തിൽ ആകെ ചെലവഴിച്ച 424998 രൂപയിൽ ബിൽ നമ്പർ 38/27.3.20 പ്രകാരം പിൻവലിച്ച16845 രൂപയും ബിൽ നമ്പർ 40/31.3.20 പ്രകാരം പിൻവലിച്ച 5815 രൂപയും എന്താവശ്യത്തിന് ചെലവഴിച്ചുഎന്നതിന്റ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വകയിരുത്തിയ തുക മുഴുവൻ ചെലവഴിക്കുന്ന എന്നതിലുപരി പിൻവലിക്കുന്ന ബില്ലുകൾക്ക് അടിസ്ഥാനമായ ചെലവു രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിൽ മേൽ ഉദ്യോഗസ്ഥർക്ക് സംഭവിച്ച വീഴ്ചയാണ് അപാകതക്ക് കാരണമായത്. മേൽ ബില്ലുകൾക്കാധാരമായ ചെലവു രേഖകൾ ലഭ്യമാക്കി അപാകത പരിഹരിക്കാവുന്നതാണ്.രേഖകളുടെ അഭാവത്തിൽ ചെലവുതുക 22300 രൂപ തടസ്സത്തിൽ വെക്കുന്നു.

1-15 ചെലവു വിവരങ്ങൾ ഐ.കെ.എം പത്രികയിൽ പ്രതിഫലിച്ചില്ല

അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസി. എഞ്ചിനീയർ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി 2019-20 വർഷത്തിൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതിയുടെ ചെലവ് തുകകളുടെ വിവരം ഐ.കെ.എം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പദ്ധതി | നിർവ്വഹണം | വകയിരുത്തിയ തുക | ഫണ്ട് | ചെലവഴിച്ച തുക | ബിൽ നം./ ചെക്ക് നം |
|---|---|---|---|---|---|
| ഈന്തലാട്ട് മുള്ളൻ | അസി. എക്സി. | 10,00,000 | ജില്ലാ പഞ്ചായത്ത് | 3,00,000 | 3441226/ 31.03.2020 |

| | | | | | |
|---|---|---|---|---|---|
| കുന്ന് | | | വിഹിതം | | |
| കുടിവെള്ള പദ്ധതി (87/21) | എഞ്ചിനീയർ | 40,114 | വികസന ഫണ്ട് - SCP | 3,00,000 | 3441227/ 31.03.2020 |
| (ജോയിന്റ് വെഞ്ചർ) | | | | 4,00,000 | 3441228/ 31.03.2020 |
| | | 10,40,114 | | 10,00,000 | |

ഈന്തലാട്ട് മുള്ളൻകുന്ന് കുടിവെള്ള പദ്ധതിയുടെ ഫൈനൽ ബിൽ പ്രകാരം ആകെ ബിൽതുക 10,12,015/- രൂപയാണ്. ഇതിൽ 10,00,000/- രൂപ ചെലവഴിച്ചിരിക്കുന്നത് 2019-20 വർഷത്തിലാണ്. 12,015/- രൂപയുടെ ചെലവ് 2020-21 വർഷത്തിലെ ഐ.കെ.എം പത്രികയിൽ ഉൾപ്പെട്ടിട്ടുണ്ട്. 10,00,000/- രൂപയുടെ ചെലവ് വിവരം ഐ.കെ.എം പത്രികകളിൽ ഉൾപ്പെട്ടിട്ടില്ല.

അപാകതയ്ക്ക് കാരണമായ സാഹചര്യം വിശദീകരിക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/19-20 തീ.27.12.2021) മറുപടി ലഭ്യമാക്കിയിട്ടില്ല .

## 1-16 നെൽകൃഷി കൂലിച്ചെലവ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

ബ്ലോക്ക് പഞ്ചായത്ത് കാർഷിക മേഖലയിൽ നടപ്പാക്കിയ നെൽകൃഷിക്ക് കൂലിച്ചെലവ് എന്ന പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണം | എ.ഡി.എ |
| പ്രോജക്ട് നം. | 11/20 |
| അടങ്കൽ | 1450000/- |
| ഫണ്ട് | വികസനം.ജനറൽ |
| ചെലവ് | 1079980/- |
| ബിൽനം, തിയ്യതി. | 01/19-20/20.09.19 |

മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നെൽകൃഷി കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ വിഹിതം അനുവദിച്ചിട്ടുണ്ട് എന്നാൽ അനുവദിച്ച തുകയിൽ 286230/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/19-20/ 28.12.21) മറുപടി നൽകിയിട്ടില്ല. ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 1000000 | ഈന്തിലാട്ട് മുള്ളൻകുന്ന് കുടിവെള്ള പദ്ധതി | 10,00,000 | - |
| | | 168000 | വജ്രജൂബിലി ഫെലോഷിപ്പ് | 0 | 168000 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർഹവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള ഇലക്ട്രിസിറ്റി ബോർഡ് | ഈന്തിലാട്ട് മുള്ളൻകുന്ന് കുടിവെള്ള പദ്ധതി | | 2,67,500 | 2,67,500 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശം | ഉത്തരവ് നം, തീയതി | സാമ്പത്തിക വർഷം | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുണ്ടായിരുന്ന തുക | | തൻ വർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുക | |
|---|---|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | | മുതൽ | പലിശ |
| IAY അധിക വിഹിതം നൽകൽ | സ.എം.എസ് നം .90/13 തീ.14/3/13, സർക്കുലർ നം 17774/DD/ 2013 തീ. 20-03-2013 | 2013-14, 2014-15 | ഇല്ല | 2773830 | 12% നിരക്കിൽ 64266/- കഴിച്ച് ബാക്കി പലിശ അടയ്ക്കാനുണ്ട്. | ഇല്ല | 2773830 | 1979858 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 2000-01 | 35 | 2002-03 | VII.I.II.I(I) | അയോൽപടി – എടക്കയിൽ റോഡ് | പഞ്ചായത്തിന്റെ വിശദീകരണം തൃപ്തികരമായതിനാൽ ഒഴിവാക്കാൻ ശുപാർശ |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖ. നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2000-01 | 27, 29 | ശ്രീ.കെ.പി പര്യായിക്കുട്ടി | LF.9969/ Spl. Cellsc5/ 03 Dt.12.04.04 | 2,851 | 11421 തീ. 12.06.18 | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,45,22,044 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,40,85,795 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,40,780 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 22,300 | ഡോ. ഷാമിൻ. പി. ആർ ,<br>മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി, പേരാമ്പ്ര |
| 1-12 | 2,38,500 | ശ്രീമതി.രാധ.കെ<br>സി.ഡി.പി.ഒ |
| 1-16 | 10,79,980 | ശ്രീമതി.സുനിത ജോസഫ്<br>അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ഷാമിൻ.പി.ആർ, മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, പേരാമ്പ്ര | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി, പേരാമ്പ്ര | നവനീതം പെരുംതുരുത്തി എലത്തൂർ പി.ഒ കോഴിക്കോട് |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|
| 1999-00 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(3) തീ.05/04/2017 | 5 | 32, 34, 35, 36, 37 |
| 2000-01 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(4) തീ.05/04/2017 | 8 | 25, 27, 29, 33, 34, 38(b), 39, 40 |

| | | | |
|---|---|---|---|
| 2002-03 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(6) തീ.05/04/2017 | 4 | 8, 9, 13, 16 |
| 2003-04 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(7) തീ.05/04/2017 | 2 | 3-3, 3-5 |
| 2005-06 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(8) തീ.05/04/2017 | 11 | 3-2, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-12, 3-14 |
| 2006-07 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(9) തീ.05/04/2017 | 12 | 1-1, 2-1, 3-1, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2007-08 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2312/16(10) തീ.05/04/2017 | 20 | 2-1, 3-1, 3-3, 3-5, 3-6, 3-7(2), 3-8(3), 3-9, 3-10, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21, 3-22, 3-23 |
| 2008-09 | എൽ.എഫ്. കെ.കെ.ഡി.പി7/ 1271/2012 തീ.05/09/2012 | 7 | 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8 |
| 2009-10, 2010-11 | എൽ.എഫ്.കെ.കെ.ഡി.പി7/ 60/2013 തീ.22/07/2013 | 11 | 2-1, 2-3, 2-5, 3-4, 3-6, 3-7(b,c,d), 3-8, 3-11, 3-12, 3-13, 3-17 |
| 2011-12, 2012-13 | കെ.എസ്.എ. കെ.കെ.ഡി.പി7/ 1003/2015 തീ.08/10/2015 | 6 | 2-1, 3-3(1), 3-5, 3-6, 3-7, 3-8, 3-9 |
| 2013-14, 2014-15 | കെ.എസ്.എ. കെ.കെ.ഡി.പി7/ 262/2017 തീ.19/05/2017 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-7(2), 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി.പി7/ 442/2017 തീ.31/01/2018 | 11 | 2-1, 3-1, 3-2, 3-4, 3-5, 3-6, 3-8, 3-10, 3-12, 3-13, |

| | | | |
|---|---|---|---|
| | | | 3-15 |
| 2016-17 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2175/2017 തീ.26/03/2018 | 15 | 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2017-18 | കെ.എസ്.എ. കെ.കെ.ഡി.പി7/ 2059/2018 തീ.19/11/2018 | 14 | 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13 |
| 2018-19 | KSA.KKD.P11/2003/19 തീ. 18.05.2020 | 18 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 4-11 |

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്